# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

നഗരസഭകളുടെ സാമ്പത്തിക പ്രതിസന്ധി

1576 ശ്രീ. ജി. സുധാകരൻ
,, കെ. ദാസൻ
,, ബി. സത്യൻ
ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരസഭകൾ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ;

(ബി) സാമ്പത്തിക പ്രതിസന്ധിയുടെ കാരണങ്ങൾ എന്തെല്ലാം എന്നറിയിക്കാമോ;

(സി) വിവിധയിനങ്ങളിലായി നഗരസഭകൾക്ക് സർക്കാർ നൽകേണ്ടുന്ന തുകയിൽ കുടിശ്ശിക ഉണ്ടോ; വിശദാംശം നൽകുമോ;

(ഡി) നഗരസഭകളുടെ സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിന് സർക്കാർ തലത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

**കേരള നിയമസഭ**
**21.01.2014–ലെ മറുപടിക്ക്**

<u>നഗരസഭാ പദ്ധതികൾക്ക് സാങ്കേതിക സഹായം</u>

1577 ശ്രീ. വി. ഡി. സതീശൻ
,, എം. പി. വിൻസെന്റ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരസഭാ പദ്ധതികൾക്ക് സാങ്കേതിക സഹായം നൽകുവാൻ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ആരുടെയെല്ലാം സഹായമാണ് ഈ പദ്ധതിക്കായി പ്രയോജനപ്പെടുത്തുന്നത്; വിശദമാക്കുമോ;

(ഡി) ഈ പദ്ധതിക്ക് എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 21.01.2014–ലെ മറുപടിക്ക്

റിയൽ എസ്റ്റേറ്റ് മേഖല – നിയന്ത്രണ സംവിധാനം

1578 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, ആർ. സെൽവരാജ്
,, വി. റ്റി. ബൽറാം
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവു വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റിയൽ എസ്റ്റേറ്റ് മേഖലയിലെ ചൂഷണങ്ങൾ തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) ഇതിനായി നിയമംകൊണ്ടുവരുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഫ്ളാറ്റ്കളുടെയും ഷോപ്പിംഗ് കോപ്ലക്സുകളുടെയും ഗാർഹിക വാണിജ്യ ഓഫീസ് കെട്ടിടങ്ങളുടെയും അവയുടെ സ്ഥലങ്ങളുടെയും വിൽപ്പനയും നിർമ്മാണവും നിയമ വിധേയമാക്കാൻ എന്തെല്ലാം വ്യവസ്ഥകളാണ് പ്രസ്തുത നിയമത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) അതിനായുള്ള നിയമ നിർമ്മാണ പ്രക്രിയ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>ഖരമാലിന്യ നിർമ്മാർജ്ജന പദ്ധതികൾ</u>

1579 ശ്രീ. മോൻസ് ജോസഫ്
,, സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൻ നഗരങ്ങളിൽ ശാസ്ത്രീയമായി നടപ്പാക്കിയിട്ടുള്ള ഖരമാലിന്യ നിർമ്മാർജ്ജന പദ്ധതികൾ യുദ്ധകാലാടിസ്ഥാനത്തിൽ കേരളത്തിലെ നഗരങ്ങളിൽ നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) മാലിന്യം പൊതുനിരത്തുകളിലും ജലാശയങ്ങളിലും നിക്ഷേപിക്കുന്നത് തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>ഖര/ദ്രവ മാലിന്യപ്രശ്നത്തിന് ഇസിനറേറ്ററുകൾ</u>

1580

ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ ഖര/ദ്രവ മാലിന്യപ്രശ്നത്തിന് പരിഹാരം കാണുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തു നടപടി സ്വീകരിച്ചുവെന്നു വ്യക്തമാക്കുമോ;

(ബി) എത്ര ഇൻസിനറേറ്ററുകൾ വാങ്ങിയിട്ടുണ്ട്; ആയതിന് ചെലവായ തുക എത്ര; ഏതു ശീർഷകത്തിൽ നിന്നാണ് ഇതിനായി തുക കണ്ടെത്തിയത്;

(സി) ഏത് കമ്പനിയിൽ നിന്നാണ് പ്രസ്തുത മെഷീനുകൾ വാങ്ങിയത്; ടെണ്ടർ നടപടികൾ പൂർത്തീകരിച്ചാണോ ഇവ വാങ്ങിയത്; എങ്കിൽ ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(ഡി) ഇപ്രകാരം വാങ്ങിയ മെഷീനുകൾ പ്രവർത്തനക്ഷമമാണോ; എങ്കിൽ ഏതെല്ലാം നഗരകാര്യാലയങ്ങളുടെ കീഴിലാണ് ഇവ പ്രവർത്തിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ?

## കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>കേരളത്തിന് അനുയോജ്യമായ മാലിന്യ സംസ്കരണ പദ്ധതി</u>

1581 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, രാജു എബ്രഹാം
,, എസ്. ശർമ്മ
,, പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിന് അനുയോജ്യമായ മാലിന്യ സംസ്കരണ പദ്ധതി കണ്ടെത്തിയിട്ടുണ്ടോ ; ഇതിനായി സംസ്ഥാന സർക്കാർ ഇതിനകം സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) മാലിന്യപ്രശ്നം സംസ്ഥാനത്താകെ വീണ്ടും സങ്കീർണ്ണമായിക്കൊണ്ടിരിക്കുകയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഖരമാലിന്യ പ്രശ്നത്തിന് പരിഹാരം തേടി സംഘടിപ്പിച്ച സെമിനാറിൽ തദ്ദേശസ്ഥാപനങ്ങൾക്ക് മാതൃകയാക്കാവുന്ന പദ്ധതികൾ ഏതെങ്കിലും സമർപ്പിക്കപ്പെട്ടിട്ടുണ്ടോ ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

നഗരമാലിന്യ സംസ്ക്കരണം

1582 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിലെ മാലിന്യ സംസ്ക്കരണത്തിനായി എന്തെല്ലാം പദ്ധതികളാണ് പരിഗണനയിലുള്ളത്; വ്യക്തമാക്കുമോ;

(ബി) തലസ്ഥാനത്ത് എവിടെയെല്ലാമാണ് മാലിന്യസംസ്ക്കരണ പ്ലാന്റുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്; അവയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള നടപടി ക്രമങ്ങൾ ഏത് അവസ്ഥയിലാണ് എന്ന് വിശദമാക്കുമോ;

(സി) ഇല്ലെങ്കിൽ എന്താണ് നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള തടസ്സമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>നഗരങ്ങളിലെ മാലിന്യസംസ്ക്കരണം പദ്ധതികള്‍</u>

1583 ശ്രീ. കെ. കെ. നാരായണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം നഗരങ്ങളിലാണ് മാലിന്യ സംസ്ക്കരണത്തിനുവേണ്ടി സര്‍ക്കാര്‍ നേരിട്ട് നടപടികള്‍ സ്വീകരിച്ചിട്ടുള്ളതെന്നും അവ എന്തെല്ലാമെന്നും വ്യക്തമാക്കുമോ ;

(ബി) ഇതിന്റെ ഭാഗമായി എന്തെങ്കിലും പദ്ധതികള്‍ ആരംഭിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കില്‍ ഇതിന്റെ വിശദാംശം അറിയിക്കുമോ ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ഇളവ്</u>

1584

ശ്രീ. പി. സി. ജോർജ്
ഡോ. എൻ. ജയരാജ്
ശ്രീ. എം. വി. ശ്രേയാംസ് കുമാർ
,, റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെട്ടിടനിർമ്മാണ ചട്ടവും നിയമങ്ങളും ലംഘിച്ച് നിർമ്മാണം നടത്തിയിട്ടുള്ള കെട്ടിടങ്ങളുടെ കാര്യത്തിൽ എന്തെങ്കിലും ഇളവുകൾ നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) ഇപ്രകാരം നിർമ്മിക്കപ്പെട്ടിട്ടുള്ള വാസഗൃഹങ്ങളുടെ കാര്യത്തിൽ എന്തെല്ലാം ഇളവുകളാണ് നിലവിൽ നൽകിയിട്ടുള്ളത് എന്നറിയിക്കുമോ?

# കേരള നിയമസഭ
# 21.01.2014-ലെ മറുപടിക്ക്

<u>കെട്ടിടനിർമ്മാണത്തിനുള്ള ഇളവുകൾ</u>

1585 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നൂറ് കോടിക്ക് മുകളിൽ നിക്ഷേപമുള്ളതും രണ്ട് ഹെക്ടറിൽ കുറയാത്ത സ്ഥലത്ത് നിർമ്മിക്കുന്നതുമായ കെട്ടിടങ്ങൾക്ക് കരഭൂമിയിൽ നിർമ്മാണം നടത്തുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി അദ്ധ്യക്ഷനായ കമ്മിറ്റിക്ക് ഇളവുകൾ നൽകാമെന്ന് വ്യവസ്ഥ ചെയ്തുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ഈ ഉത്തരവ് പ്രകാരം ഇളവുകൾ ലഭിക്കുന്നതിന് ഇതിനകം ലഭിച്ച അപേക്ഷകൾ ഏതൊക്കെയാണ്; ഏതെല്ലാം അപേക്ഷകളിന്മേൽ തീരുമാനം എടുത്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്; പുറപ്പെടുവിച്ച ഗവൺമെന്റ് ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ; പരിഗണനയിലിരിക്കുന്ന അപേക്ഷകളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 21.01.2014–ലെ മറുപടിക്ക്

കെട്ടിടനിര്‍മ്മാണ ചട്ടത്തില്‍ ഭേദഗതി

1586 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കെട്ടിടലോബിയെ സഹായിക്കാന്‍ കേരള കെട്ടിട നിര്‍മ്മാണ ചട്ടത്തില്‍ ഭേദഗതി വരുത്തി എന്നാരോപിച്ചുകൊണ്ടുള്ള പൊതുതാത്പര്യ ഹര്‍ജിയില്‍ ഹൈക്കോടതി സര്‍ക്കാരിന്റെ വിശദീകരണം ആരാഞ്ഞിരുന്നുവോ;

(ബി) സര്‍ക്കാര്‍ നല്‍കിയ വിശദീകരണ കുറിപ്പിന്റെ പകര്‍പ്പ് ലഭ്യമാക്കാമോ;

(സി) ഹര്‍ജിയില്‍ ഹൈക്കോടതി തീരുമാനം എടുത്തിട്ടുള്ളതായി അറിയാമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 21.01.2014–ലെ മറുപടിക്ക്

കെട്ടിട നിർമ്മാണാനുമതി നൽകുന്നതിനുള്ള കാലതാമസം

1587 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെട്ടിടങ്ങൾ നിർമ്മിക്കാനുള്ള അനുമതിക്കായി സമർപ്പിക്കപ്പെട്ട അപേക്ഷകളിൽ രണ്ട് മാസത്തിലേറെ പഴക്കമുള്ള എത്ര അപേക്ഷകൾ സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പരിഗണിക്കാനുണ്ടെന്നതിന്റെ കണക്കുകൾ ലഭ്യമാക്കുമോ;

(ബി) വീടുകളോ, ഫ്ളാറ്റുകളോ നിർമ്മിക്കുന്നതിനായുള്ള എത്ര അപേക്ഷകൾ രണ്ട് മാസത്തിലധികമായി പരിഗണിക്കാനായി അവശേഷിക്കുന്നുണ്ട്;

(സി) കെട്ടിട നിർമ്മാണ അനുമതിക്കുള്ള അപേക്ഷകൾ ബന്ധപ്പെട്ട ഓഫീസുകളിൽ അകാരണമായി വൈകിപ്പിച്ചതായിട്ടുള്ള എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; വിജിലൻസ് വിഭാഗം മിന്നൽ പരിശോധനയിലൂടെ ഇത്തരത്തിലുള്ള എത്ര കേസുകൾ കണ്ടെത്തിയിട്ടുണ്ട്?

# കേരള നിയമസഭ
## 21.01.2014–ലെ മറുപടിക്ക്

<u>തിരുവല്ലയിലെ അനധികൃത കെട്ടിട നിർമ്മാണം</u>

1588 ശ്രീ. മാത്യൂ റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവു വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവല്ല പട്ടണത്തിന്റെ ഹൃദയഭാഗത്ത് കാനേക്കാട്ടിൽ കെട്ടിടത്തിന് മുകളിൽ അനധികൃത നിർമ്മാണം നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിനെതിരെ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വിശദമാക്കുമോ ?

# കേരള നിയമസഭ
# 21.01.2014–ലെ മറുപടിക്ക്

'പാര്‍ട്ണര്‍ കേരള പദ്ധതി'

1589 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തദ്ദേശ നിക്ഷേപകരുടെ പങ്കാളിത്തത്തോടെ പദ്ധതികള്‍ നടപ്പില്‍ വരുത്തുന്നതിന് പാര്‍ട്ണര്‍ കേരള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഏതെല്ലാം കോര്‍പ്പറേഷനുകളിലും മുന്‍സിപ്പാലിറ്റികളിലും നടപ്പാക്കാനുള്ള എന്തെല്ലാം രീതിയിലുള്ള വികസന പദ്ധതികളുടെ രൂപരേഖയാണ് തയ്യാറാക്കിയിട്ടുള്ളത്; വിശദാംശങ്ങള്‍ അറിയിക്കുമോ;

(സി) പൊതുവായി നടപ്പിലാക്കാമെന്ന് കരുതുന്ന പദ്ധതികള്‍ എന്തൊക്കെയാണ്; നിക്ഷേപകരെ ഓരോ പദ്ധതിക്കും കണ്ടെത്തുന്നത് ഏത് നടപടിക്രമത്തിലൂടെയാണ്; നിക്ഷേപത്തിന് തയ്യാറാകുന്നവര്‍ക്ക് ഭൂമി നല്‍കാനുദ്ദേശിക്കുന്നുണ്ടോ; എങ്കില്‍ ഏത് വ്യവസ്ഥയിലാണെന്നറിയിക്കുമോ;

(ഡി) 'പാര്‍ട്ണര്‍ കേരള പദ്ധതി'യുടെ ഭാഗമായി നിക്ഷേപകര്‍ക്ക് നല്‍കാനുദ്ദേശിക്കുന്ന സൗകര്യങ്ങള്‍ എന്തൊക്കെയാണ്?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>പാർട്ണർ കേരള നിക്ഷേപ സംഗമം</u>

1590 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരസഭകളിൽ പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ പദ്ധതികൾ നടപ്പിലാക്കുന്നതിന്, പാർട്ണർ കേരള നിക്ഷേപ സംഗമത്തിലേക്ക് ലഭിച്ച നിർദ്ദേശങ്ങളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) ഏതെല്ലാം നഗരസഭകളുടെ സ്വന്തമായിട്ടുള്ള എത്ര ഭൂമിയാണ് നിക്ഷേപത്തിനായി നീക്കിവെക്കപ്പെട്ടിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത സംഗമത്തിൽ അവതരിപ്പിക്കുന്നതിന് ഏതെല്ലാം നഗരസഭകൾ ഏതെല്ലാം രീതിയിലുള്ള എത്ര പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്; അവയുടെ വിശദാംശങ്ങൾ അറിയിക്കുമോ;

(ഡി) നിക്ഷേപസംഗമത്തിൽ പങ്കെടുക്കുന്നവർക്കായി തയ്യാറാക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ എന്തൊക്കെയാണ്; മാലിന്യസംസ്കരണ പ്ലാന്റുകൾ, ഷോപ്പിംഗ് മാളുകൾ, കൺവെൻഷൻ സെന്ററുകൾ, മറ്റുള്ളവ എന്നിങ്ങനെ തരംതിരിച്ച് വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി</u>

1591 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി നടപ്പാക്കുന്നതിനായി 2011-12, 2012-13, 2013-14 എന്നീ വർഷങ്ങളിൽ എന്ത് തുകയാണ് നീക്കി വച്ചിരുന്നത്;

(ബി) ഓരോ വർഷവും എന്ത് തുക വീതം ചെലവഴിക്കപ്പെട്ടു;

(സി) നഗര ശുചീകരണവുമായി പദ്ധതിയെ ബന്ധപ്പെടുത്തിയിട്ടുണ്ടോ എന്നറിയിക്കുമോ?

# കേരള നിയമസഭ
## 21.01.2014–ലെ മറുപടിക്ക്

<u>തിരുവനന്തപുരം നഗരസഭയിൽ തൊഴിലുറപ്പു വേതനം</u>

1592 ശ്രീ. കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരസഭയിൽ തൊഴിലില്ലായ്മ വേതനം ലഭിക്കുന്നതിനായി ഫയൽ നം. 60519 തീയതി 10/5/2013 പ്രകാരം നൽകിയ തൊഴിലില്ലായ്മ വേതനത്തിന് വേണ്ടിയുള്ള അപേക്ഷയിന്മേൽ നാളിതുവരെയും വേതനം ലഭ്യമായിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത അപേക്ഷ പ്രോസസ് ചെയ്ത് സോണൽ ഓഫീസിൽ ലഭിച്ചതെന്നാണ്;

(സി) നാളിതുവരെ പ്രസ്തുത അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് വിശദവിവരം നൽകാമോ?

## കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>മുനിസിപ്പൽ പെൻഷൻ വിതരണം</u>

1593 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പൽ കോർപ്പറേഷൻ പെൻഷൻകാർക്ക് സമയബന്ധിതമായി പെൻഷൻ വിതരണം ചെയ്യാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് മുൻമന്ത്രി കുട്ടി അഹമ്മദ് കുട്ടിയുടെ നേതൃത്വത്തിലുള്ള സമിതി സമർപ്പിച്ച ശുപാർശകളുടെ സംക്ഷിപ്തം ലഭ്യമാക്കാമോ;

(സി) പ്രസ്തുത ശുപാർശകൾ നടപ്പിൽ വരുത്തുന്നതിനുള്ള തടസ്സമെന്താണ്;

(ഡി) മുനിസിപ്പൽ കോർപ്പറേഷൻ പെൻഷനേഴ്സ് ഫെഡറേഷൻ എന്ന സംഘടനയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ടോ; ഇതു സംബന്ധിച്ച അപേക്ഷ ലഭിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 21.01.2014–ലെ മറുപടിക്ക്

<u>നഗരസഭാ ജീവനക്കാരുടെ പെന്‍ഷന്‍</u>

1594 ശ്രീ. പി. കെ. ബഷീര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നഗരസഭകളില്‍നിന്നും വിരമിക്കുന്ന ജീവനക്കാര്‍ക്ക് സംസ്ഥാനത്തിനകത്ത് മറ്റേതെങ്കിലും നഗരസഭയില്‍നിന്നും പെന്‍ഷന്‍ വാങ്ങുന്നതിനായി ഓപ്ഷന്‍ നല്‍കാന്‍ വ്യവസ്ഥയുണ്ടോ; എങ്കില്‍, ഓപ്ഷന്‍ അനുസരിച്ച് പെന്‍ഷന്‍ നല്‍കാറുണ്ടോ;

(ബി) എന്നാല്‍, ഇത്തരത്തില്‍ തിരുവനന്തപുരം നഗരസഭ ഓപ്റ്റ് ചെയ്തവര്‍ക്കു പെന്‍ഷന്‍ നല്‍കേണ്ടതില്ലെന്ന് തിരുവനന്തപുരം നഗരസഭ തീരുമാനിച്ചിട്ടുണ്ടോ; എങ്കില്‍, അതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) നിയമവിധേയമല്ലാത്ത ഈ തീരുമാനം റദ്ദുചെയ്യുന്നതു സംബന്ധിച്ച് കത്തു ലഭിച്ചിട്ടുണ്ടോ; എങ്കില്‍, എന്തു നടപടി അതിന്മേല്‍ സ്വീകരിച്ചിട്ടുണ്ട്;

(ഡി) പെന്‍ഷന്‍ നല്‍കുന്നതിനു ഫണ്ടില്ലാത്ത സ്ഥിതിയുണ്ടോ; തിരുവനന്തപുരം നഗരസഭയ്ക്ക് ഇക്കാര്യത്തിനു ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എങ്കില്‍ എത്ര തുകയാണെന്നു വിശദമാക്കുമോ;

(ഇ) നിയമവിരുദ്ധതീരുമാനം റദ്ദുചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.01.2014–ലെ മറുപടിക്ക്

<u>കെ.എസ്.യു.ഡി.പി.യുടെ പ്രവർത്തനങ്ങൾ</u>

1595 ശ്രീ. കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.യു.ഡി.പി.യുടെ പ്രവർത്തനങ്ങളുടെ സാങ്കേതികവിഭാഗത്തിന്റെ തലവൻ ആരാണെന്നു വ്യക്തമാക്കുമോ;

(ബി) റ്റി.എ.ജി.യുടെ ശുപാർശകൾ പരിശോധിച്ചു തീരുമാനമെടുക്കുന്ന കെ.എസ്.യു.ഡി.പി. സാങ്കേതികവിഭാഗത്തിൽ എത്ര ഉദ്യോഗസ്ഥരാണുള്ളതെന്നും, അവരുടെ നിയമനവ്യവസ്ഥ എന്താണെന്നും വെളിപ്പെടുത്തുമോ;

(സി) കെ.എസ്.യു.ഡി.പി. സാങ്കേതികവിഭാഗത്തിലെ ഉദ്യോഗസ്ഥർ ഇപ്പോൾ സർവ്വീസിലുള്ളവരാണോ, കരാറടിസ്ഥാനത്തിലുള്ളവരാണോ, ഏതൊക്കെ തസ്തികകളിൽ സേവനമനുഷ്ഠിക്കുന്നു എന്നിങ്ങനെയുള്ള വിവരങ്ങൾ വ്യക്തമാക്കുമോ;

(ഡി) കെ.എസ്.യു.ഡി.പി.യിൽ അംഗീകാരത്തിനായി സമർപ്പിച്ച എത്ര ശുപാർശകൾ നിരാകരിച്ചിട്ടുണ്ടെന്നും, അവ ഏതൊക്കെയെന്നും വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

നഗരപ്രദേശങ്ങളിലെ ശൗചാലയങ്ങൾ

1596 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരപ്രദേശങ്ങളിൽ പ്രാഥമികകൃത്യനിർവ്വഹണത്തിനുള്ള സൗകര്യങ്ങളില്ല എന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) നിലവിലുള്ള പൊതു പേ ആന്റ് യൂസ് കംഫർട്ട് സ്റ്റേഷനുകൾ വൃത്തിഹീനവും സാമൂഹിക വിരുദ്ധ കേന്ദ്രങ്ങളുമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം കേന്ദ്രങ്ങൾ ലേലം ചെയ്തു നൽകിക്കഴിഞ്ഞാൽ യാതൊരു പരിശോധനയ്ക്കും വിധേയമാകാറില്ലെന്ന കാര്യം ഗൗരവപൂർവ്വം പരിഗണിക്കുമോ;

(ഡി) ഈ കേന്ദ്രങ്ങളിൽ നീതിരഹിത നിരക്കിൽ ഫീസ് ഈടാക്കുന്നതും പുകയില ഉൽപന്നങ്ങൾ പരസ്യമായും കഞ്ചാവുൾപ്പെടെയുള്ളവ രഹസ്യമായും വിൽപന നടത്തുന്നത് തടയാൻ ഫലപ്രദമായ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**21.01.2014-ലെ മറുപടിക്ക്**

<u>കാല്‍ നടയാത്രക്കാര്‍ അനുഭവിക്കുന്ന ബുദ്ധിമുട്ടുകള്‍</u>

1597 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നഗരപ്രദേശങ്ങളിലെ റോഡുകള്‍ മുറിച്ചു കടക്കാന്‍ കാല്‍ നടയാത്രക്കാര്‍ അനുഭവിക്കുന്ന ബൂദ്ധിമുട്ടുകള്‍ ശ്രദ്ധയില്‍ പെട്ടിട്ടുണ്ടോ ;

(ബി) എങ്കില്‍ അതിനു പരിഹാരം കാണാന്‍ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) തലസ്ഥാന പട്ടണത്തില്‍ ബസ്സ്റ്റേഷനും റെയില്‍വേസ്റ്റേഷനുമിടയിലെ യാത്രക്കാരുടെ ക്രോസിംഗ് സുഗമമാക്കാന്‍ ഫുട് ഓവര്‍ ബ്രിഡ്ജിന്റെ നിര്‍മ്മാണ നടപടികള്‍ എന്നത്തേയ്ക്ക് പൂര്‍ത്തിയാക്കാനാവുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

ജൈവവൈവിധ്യപരിപാലന സമിതികൾ

1598 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരസഭകളിൽ ജൈവവൈവിധ്യപരിപാലന സമിതികൾ രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഈ സമിതികളുടെ ഉദ്ദേശശ്യലക്ഷ്യം എന്താണ് എന്നറിയിക്കുമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>നഗരപരിധിക്കുള്ളിലെ തെരുവുനായ്ക്കളുടെ ശല്യം</u>

1599 ശ്രീ. കോടിയേരി ബാലകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കോര്‍പ്പറേഷന്‍ - മുനിസിപ്പല്‍ നഗരപരിധികളില്‍ തെരുവുനായ്ക്കളുടെ ശല്യം ജനങ്ങളുടെ ജീവനുതന്നെ ഭീഷണിയാകുന്നത് ശ്രദ്ധയില്‍പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കില്‍ തെരുവ് നായ്ക്കളുടെ ശല്യം ഒഴിവാക്കാന്‍ എന്തെങ്കിലും നടപടികള്‍ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>പട്ടികജാതി -പട്ടിക വർഗ്ഗ ക്ഷേമത്തിനുള്ള ഫണ്ട് വിനിയോഗം</u>

1600 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോർപ്പറേഷനുകളും മുനിസിപ്പാലിറ്റികളും പട്ടികജാതി - പട്ടികവർഗ്ഗക്ഷേമത്തിനായുള്ള ഫണ്ട് വിനിയോഗത്തിൽ വളരെ പിറകിലാണെന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) കോർപ്പറേഷനുകളിലേയും മുനിസിപ്പാലിറ്റികളിലേയും പട്ടികജാതിക്കാരുടെ എസ്.സി.പി ഫണ്ട് വിനിയോഗം സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ? മുൻസിപ്പാലിറ്റി തിരിച്ചും കോർപ്പറേഷൻ തിരച്ചുമുള്ള വിശദവിവരം ലഭ്യമാക്കാമോ;

(സി) എസ്.സി.പി. ഫണ്ടും റ്റി.എസ്.പി. ഫണ്ടും പൂർണ്ണതോതിൽ ചെലവഴിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.01.2014–ലെ മറുപടിക്ക്

<u>കോർപ്പറേഷൻ പ്രദേശത്തെ പാർക്കുകളുടെ പ്രവർത്തനം</u>

1601 ശ്രീ. കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോർപ്പറേഷനുകളുടെ എത്ര പാർക്കുകൾ സ്വകാര്യ വ്യക്തികൾക്ക് കരാർ വ്യവസ്ഥയിൽ നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) തിരുവനന്തപുരം കോർപ്പറേഷന്റെ കീഴിലുള്ള മിക്ക പാർക്കുകളും വാഹനപാർക്കിംഗ് നടത്തി കാശ് പിരിക്കുന്നതിന് മുൻഗണന നൽകുന്നതിനാൽ പൊതുജനങ്ങൾക്ക് ഇവ പ്രയോജനപ്പെടുത്താനാകുന്നില്ലെന്ന വസ്തുത ശ്രദ്ധിച്ചിട്ടുണ്ടോ;

(സി) എങ്കിൽ പാർക്കുകൾ പൊതുജന ഉപയോഗത്തിന് മുൻഗണന നൽകി സംരക്ഷിക്കുമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

ഗോശ്രീ ദ്വീപ് വികസന അതോറിറ്റി ഫണ്ട് വിനിയോഗം

1602 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗോശ്രീ ദ്വീപ് വികസന അതോറിറ്റി (ജിഡ) ഫണ്ട് വിനിയോഗത്തിന് സർക്കാർ നിശ്ചയിച്ചിട്ടുളള പ്രദേശങ്ങൾ ഏതൊക്കെയെന്നും ഈ പ്രദേശങ്ങളിൽ ഇതുവരെ ഭരണാനുമതി നൽകിയ പ്രവൃത്തികൾ ഏതൊക്കെയെന്നും വിശദീകരിക്കാമോ;

(ബി) ഭരണാനുമതി നൽകിയിട്ടും ഇതുവരെ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ലായെങ്കിൽ കാരണം വ്യക്തമാക്കാമോ; പ്രവൃത്തികൾ സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 21.01.2014–ലെ മറുപടിക്ക്

<u>ചാലക്കുടി നഗരസഭയിലെ റെസിഡൻഷ്യൽ ഫ്ളാറ്റ് നിർമ്മാണം</u>

1603 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി നഗരസഭയിലെ പള്ളിപ്പാടം പ്രദേശത്ത് സർവ്വെ നമ്പർ 508/5–ൽപ്പെട്ട സ്ഥലത്ത് റെസിഡൻഷ്യൽ ഫ്ളാറ്റ് പണിയുന്നതിന് അനുമതി നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ;

(ബി) പ്രസ്തുത സ്ഥലം ടൗൺ വികസന പദ്ധതിയിൽ ഉൾപ്പെട്ട സ്ഥലമാണോ ; വിശദമാക്കുമോ ;

(സി) ആണെങ്കിൽ പ്രസ്തുത സ്ഥലത്ത് ഫ്ളാറ്റ് പണിയുന്നതിന് അനുമതി നൽകിയതിന്റെ കാരണം വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത ഫ്ളാറ്റ് നിർമ്മാണത്തിനായി സമർപ്പിച്ചിരിക്കുന്ന രേഖകളുടെ പകർപ്പ് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 21.01.2014–ലെ മറുപടിക്ക്

**കുന്നംകുളം മഹാത്മാഗാന്ധി ഷോപ്പിങ്ങ് കോംപ്ലക്സിലെ പരസ്യ ബോര്‍ഡ്**

1604

ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കുന്നംകുളം നഗരസഭയ്ക്ക് കീഴിലുള്ള മഹാത്മാഗാന്ധി ഷോപ്പിങ്ങ് കോംപ്ലക്സ് കെട്ടിടത്തിന് എത്ര വര്‍ഷത്തെ പഴക്കമുണ്ട്;

(ബി) ഈ കെട്ടിടത്തിന്റെ ടെറസ്സില്‍ പരസ്യബോര്‍ഡ് സ്ഥാപിക്കുന്നതിന് സ്വകാര്യ വ്യക്തികള്‍ക്കോ, കമ്പനികള്‍ക്കോ അനുമതി നല്‍കുന്നതിന് കുന്നംകുളം നഗരസഭ തീരുമാനമെടുത്തിട്ടുള്ളതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ ആര്‍ക്കാണ് അനുമതി നല്‍കിയിട്ടുള്ളത്;

(സി) എന്തു വലിപ്പമുള്ള പരസ്യബോര്‍ഡ് സ്ഥാപിക്കാനാണ് അനുമതി നല്‍കിയിട്ടുള്ളത്; ഇതു സംബന്ധിച്ച നിബന്ധനകള്‍ എന്തൊക്കെയാണ്;

(ഡി) കൂറ്റന്‍ പരസ്യബോര്‍ഡിന്റെയും തൂണുകളുടെയും ഭാരം താങ്ങാന്‍ കെട്ടിടത്തിന്റെ ടെറസിന് കഴിയും എന്ന് മുനിസിപ്പല്‍ എഞ്ചിനീയര്‍ റിപ്പോര്‍ട്ട് നല്‍കിയിട്ടുണ്ടോ; ഉണ്ടെങ്കില്‍ അതിന്റെ പകര്‍പ്പ് ലഭ്യമാക്കാമോ?

## കേരള നിയമസഭ
## 21.01.2014–ലെ മറുപടിക്ക്

കുന്നംകുളം നഗരസഭയുടെ കീഴിലുള്ള സ്വകാര്യ ബസ്സ്റ്റാന്റ് നിർമ്മാണം

1605

ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം നഗരസഭയുടെ കീഴിലുള്ള നിർദ്ദിഷ്ട സ്വകാര്യ ബസ്സ്റ്റാന്റ് നിർമ്മാണം സംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലാണ്;

(ബി) ബസ്സ്റ്റാന്റ് നിർമ്മാണത്തിന് എത്ര കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്;

(സി) പ്രസ്തുത തുക ഏത് ഏജൻസിയിൽ നിന്നും വായ്പയായി കണ്ടെത്താനാണ് നഗരസഭ തീരുമാനിച്ചിട്ടുള്ളത്; വായ്പയായി ലഭിക്കുന്ന തുകയ്ക്ക് എത്ര ശതമാനം പലിശയാണ് നൽകേണ്ടിവരുന്നത്; വായ്പയെടുക്കുന്നതിന് സർക്കാരിന്റെ അനുമതി നഗരസഭയ്ക്ക് ലഭിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 21.01.2014–ലെ മറുപടിക്ക്

ആലപ്പുഴ നഗരസഭയിൽ പ്രവർത്തന രഹിതമായി കിടക്കുന്ന കടമുറികൾ

1606 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ നഗരസഭകൾ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുകയും നഗരസഭകളുടെ വരുമാനദായകമായ സ്ഥാപനങ്ങൾ പ്രവർത്തനരഹിതമാകുന്നതും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇതിൽ പ്രവർത്തനരഹിതമായ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് നിർദ്ദേശിക്കുകയും ആവശ്യമായ സാമ്പത്തിക സഹായം നൽകാനും നടപടി സ്വീകരിക്കുമോ;

(സി) ആലപ്പുഴ നഗരസഭയിൽ ഇ.എം. എസ് സ്റ്റേഡിയത്തോടനുബന്ധിച്ച് എത്ര കടമുറികൾ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്; നിർമ്മാണം പൂർത്തിയായ അടഞ്ഞുകിടക്കുന്ന എത്ര മുറികൾ ഉണ്ട്; എത്രനാളുകളായി ഇവ അടഞ്ഞുകിടക്കുന്നു; അറിയിക്കുമോ;

(ഡി) നഗരസഭയുടേതായി നഗരത്തിലെ വിവിധ പ്രദേശങ്ങളിൽ പ്രവർത്തനരഹിതമായിക്കിടക്കുന്ന എത്ര കടമുറികളും അനുബന്ധ സ്ഥാപനങ്ങളും ഉണ്ടെന്ന് വ്യക്തമാക്കുമോ; അവ ഏതെല്ലാമാണ്;

(ഇ) ഈ സ്ഥാപനങ്ങൾ സുതാര്യവും സമയബന്ധിതവുമായി ലേലം ചെയ്തു നൽകുന്നതിനാവശ്യമായ നിർദ്ദേശവും സഹായധനവും നൽകുമോ;

(എഫ്) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വക സ്ഥാപനങ്ങൾ സഹകരണ സംഘങ്ങൾക്കും സർക്കാർ വകുപ്പുകൾക്കും മറ്റും നൽകുന്നതിൽ എന്തെല്ലാം ഇളവുകൾ നൽകാറുണ്ട്; പ്രസ്തുത സ്ഥാപനങ്ങളുടെ അപേക്ഷയ്ക്ക് മുൻഗണനയും സാമ്പത്തിക ഇളവും അനുവദിക്കാറുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 21.01.2014–ലെ മറുപടിക്ക്

<u>പിഴല – കടമക്കുടി പാലം നിർമ്മാണം</u>

1607 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിർമ്മാണോദ്ഘാടനം നിർവ്വഹിച്ച മൂലമ്പിള്ളി – പിഴല, ചാത്തനാട് – കടമക്കുടി പാലങ്ങൾ പൂർത്തിയാകുന്നതോടൊപ്പം കടമക്കുടി – പിഴല പാലം പണിയും പൂർത്തിയായാൽ മാത്രമെ ഗോശ്രീ ദ്വീപുകളായ പിഴല, കടമക്കുടി, മൂലമ്പിള്ളി എന്നിവ തമ്മിലും, പ്രധാന കരയുമായും ബന്ധം സ്ഥാപിക്കപ്പെടുകയുള്ളൂ എന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ, ഗോശ്രീ ദ്വീപുകളുടെ സമഗ്രവും ദീർഘകാലാടിസ്ഥാനത്തിലുള്ള വികസനത്തിനുമായി പിഴല – കടമക്കുടി പാലം നിർമ്മാണത്തിന് നടപടി സ്വീകരിക്കുമോ; ഇക്കാര്യത്തിൽ ഇതുവരെ സ്വീകരിച്ച നടപടി വിശദമാക്കാമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>ന്യൂനപക്ഷക്ഷേമ പദ്ധതികൾ</u>

1608 ശ്രീ. എൻ. ഷംസുദ്ദീൻ
,, വി. എം. ഉമ്മർ മാസ്റ്റർ
,, അബ്ദുറഹിമാൻ രണ്ടത്താണി
,, പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ ക്ഷേമം ലക്ഷ്യമിട്ട് നടപ്പാക്കുന്ന പദ്ധതികളുടെ വിശദവിവരം നൽകുമോ;

(ബി) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങൾക്ക് നൽകിയിട്ടുള്ള പ്രാധാന്യം വ്യക്തമാക്കുമോ; ഈ പദ്ധതിയുടെ ആദ്യ രണ്ട് വർഷങ്ങളിൽ നീക്കിവച്ചിട്ടുള്ള ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച് വിശദവിവരം ലഭ്യമാക്കുമോ;

(സി) പതിനൊന്നാം പദ്ധതിക്കാലത്തെ ഫണ്ടിന്റെ ലഭ്യതയും വിനിയോഗവും നടപ്പാക്കിയ പദ്ധതികളും സംബന്ധിച്ച വിവരം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 21.01.2014–ലെ മറുപടിക്ക്

<u>ന്യൂനപക്ഷക്ഷേമവകുപ്പ്</u>

1609 ശ്രീ. റ്റി. എൻ. പ്രതാപൻ
,, ജോസഫ് വാഴക്കൻ
,, കെ. ശിവദാസൻ നായർ
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷക്ഷേമവകുപ്പ് രൂപവത്ക്കരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) പ്രസ്തുത വകുപ്പിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കാമോ ;

(സി) ന്യൂനപക്ഷ സമൂഹവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതിന് പ്രസ്തുത വകുപ്പിന്റെ പ്രവർത്തനം എപ്രകാരം നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഈ വകുപ്പിന്റെകീഴിൽ സംസ്ഥാന–ജില്ലാതല ഓഫീസുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ കീഴിൽ നടപ്പാക്കിവരുന്ന പദ്ധതികൾ</u>

1610

ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ പദ്ധതികളെക്കുറിച്ച് വ്യക്തമാക്കുമോ;

(ബി) ഓരോ പദ്ധതി പ്രകാരവും എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നതെന്നും പ്രസ്തുത ആനുകൂല്യങ്ങൾക്കായി അപേക്ഷിക്കേണ്ടതെങ്ങനെയെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>ന്യൂനപക്ഷക്ഷേമ പദ്ധതികൾ</u>

1611 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യത്തിന്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ന്യൂനപക്ഷക്ഷേമത്തിനായി ന്യൂനപക്ഷക്ഷേമ വകുപ്പ് എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ?

## കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>ന്യൂനപക്ഷ വിഭാഗങ്ങൾക്കായി പരിശീലനകേന്ദ്രങ്ങൾ</u>

1612 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
'' കെ. മുരളീധരൻ
'' ലൂഡി ലൂയിസ്
'' പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്കായി പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) പ്രസ്തുത പരിശീലന കേന്ദ്രങ്ങളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(സി) പരിശീലനകേന്ദ്രങ്ങൾ തുടങ്ങാൻ അനുമതി നൽകിയിട്ടുണ്ടോ;

(ഡി) എവിടെയെല്ലാമാണ് ഇത്തരം പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 21.01.2014–ലെ മറുപടിക്ക്

<u>ന്യൂനപക്ഷ കമ്മീഷൻ</u>

1613 ശ്രീ. വി. പി. സജീന്ദ്രൻ
,, എം. എ. വാഹിദ്
,, ലൂഡി ലൂയിസ്
,, കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ന്യൂനപക്ഷ കമ്മീഷൻ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ പ്രവർത്തനങ്ങളും ഉദ്ദേശ്യലക്ഷ്യങ്ങളും എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം ക്ഷേമപദ്ധതികളാണ് ഇത് വഴി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം കാര്യങ്ങൾ നടപ്പാക്കിയിട്ടുണ്ട് എന്നറിയിക്കുമോ?

# കേരള നിയമസഭ
# 21.01.2014-ലെ മറുപടിക്ക്

<u>കരിയർ ഗൈഡൻസ് പദ്ധതി</u>

1614 ശ്രീ. സണ്ണി ജോസഫ്
,, വി. റ്റി. ബൽറാം
,, ഹൈബി ഈഡൻ
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ കരിയർ ഗൈഡൻസ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതു വിഭാഗത്തിലുള്ള വിദ്യാർത്ഥികളെയാണ് പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 21.01.2014–ലെ മറുപടിക്ക്

<u>മൈനോറിറ്റി ഡെവലപ്മെന്റ് പ്രോഗ്രാം</u>

1615 ശ്രീ. പാലോട് രവി
,, അൻവർ സാദത്ത്
,, വി. റ്റി. ബൽറാം
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എം.എസ്.ഡി.പി. യുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) പ്രസ്തുത പദ്ധതി കാര്യക്ഷമമായി നടപ്പാക്കാൻ കേന്ദ്ര സഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഈ പദ്ധതി എവിടെയൊക്കെയാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) എം.എസ്.ഡി.പി. നടപ്പാക്കുന്നതിൽ എന്തെല്ലാം പുരോഗതിയാണ് സംസ്ഥാനം കൈവരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 21.01.2014–ലെ മറുപടിക്ക്

പതിനൊന്നാം പഞ്ചവത്സരപദ്ധതി കാലത്തെ ന്യൂനപക്ഷക്ഷേമ പ്രവർത്തനങ്ങൾ

1616 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പതിനൊന്നാം പഞ്ചവത്സരപദ്ധതിയിൽ ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങൾക്കായി എന്തു തുകയാണ് കേന്ദ്രത്തിൽ നിന്നും ലഭിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) പ്രസ്തുത തുകയുടെ വിനിയോഗം സംബന്ധിച്ച് വർഷം തോറും ചെലവഴിച്ച തുകയുടെയും, നടപ്പാക്കിയ പദ്ധതികളുടെയും വിശദവിവരം ലഭ്യമാക്കാമോ;

(സി) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ നാളിതുവരെ വിനിയോഗിച്ച തുകയുടെയും, ഏറ്റെടുത്ത പദ്ധതികളുടെയും വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങൾക്ക് സമഗ്ര വികസന പദ്ധതികൾ</u>

1617 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളുടെ സമഗ്രവികസനം ലക്ഷ്യം വെച്ച് പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) ഇവ നടപ്പിൽ വരുത്തുന്നത് ഏതെല്ലാം ഏജൻസികൾ മുഖേനയാണെന്നും, അർഹതയുള്ള പ്രദേശങ്ങളുടെ തെരഞ്ഞെടുപ്പിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 21.01.2014–ലെ മറുപടിക്ക്

<u>ന്യൂനപക്ഷക്ഷേമ പ്രൊമോട്ടർമാരുടെ നിയമനം</u>

1618 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ന്യൂനപക്ഷക്ഷേമ പ്രൊമോട്ടർമാരെ നിയമിച്ചിട്ടുണ്ടോ;

(ബി) ഓരോ തദ്ദേശസ്ഥാപനത്തിനും എത്ര പേരെ വീതമാണ് നിശ്ചയിച്ചിരിക്കുന്നത്;

(സി) മലപ്പുറം ജില്ലയിൽ നിയമിക്കപ്പെട്ടവരുടെ ലിസ്റ്റ് ലഭ്യമാക്കാമോ;

(ഡി) ഏതൊക്കെ മതവിഭാഗങ്ങളാണ് സംസ്ഥാനത്ത് ന്യൂനപക്ഷ പദ്ധതിയിലുള്ളത് എന്ന് അറിയിക്കാമോ;

(ഇ) ഓരോ ജില്ലയിലും നിയമിക്കപ്പെട്ട പ്രൊമോട്ടർമാർ ഏതൊക്കെ മതവിഭാഗങ്ങളിൽ പെട്ടവരാണെന്ന് ജില്ലതിരിച്ച് വിശദമാക്കാമോ?

## കേരള നിയമസഭ
## 21.01.2014–ലെ മറുപടിക്ക്

<u>ന്യൂനപക്ഷക്ഷേമ വകുപ്പ് - പ്രവര്‍ത്തനരീതി</u>

1619 ശ്രീ. കെ. രാധാകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാന സര്‍ക്കാര്‍ ന്യൂനപക്ഷക്ഷേമ വകുപ്പ് രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കില്‍ പ്രസ്തുത വകുപ്പ് രൂപീകരിച്ചിട്ട് എത്ര കാലമായി എന്ന് അറിയിക്കുമോ ;

(സി) ഈ വകുപ്പിന്റെ പ്രവര്‍ത്തനം കാര്യക്ഷമമായി നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താന്‍ സ്വീകരിച്ച നടപടികള്‍ വിശദമാക്കാമോ ;

(ഡി) പ്രസ്തുത വകുപ്പ് കാര്യക്ഷമമായി പ്രവര്‍ത്തിക്കുന്നതിനും വിവിധ പദ്ധതികള്‍ നടപ്പിലാക്കുന്നതിനും എത്ര സ്ഥിരം തസ്തികകള്‍ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ഇ) പ്രസ്തുത വകുപ്പ് ഇതേവരെ പരിഗണച്ചിട്ടുള്ള പദ്ധതികള്‍ എന്തെല്ലാമാണെന്നും അവ പൂര്‍ത്തിയാക്കിയത് സംബന്ധിച്ചതുമായ വിശദാംശങ്ങള്‍ ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

**ന്യൂനപക്ഷക്ഷേമ വകുപ്പ് - ഉദ്ദേശ്യലക്ഷ്യങ്ങൾ**

1620 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ എന്നാണ് ന്യൂനപക്ഷക്ഷേമ വകുപ്പ് രൂപീകരിച്ചത് ; ന്യൂനപക്ഷം എന്ന നിർവചനത്തിൽ സംസ്ഥാനത്തെ ഏതൊക്കെ മത/ജാതി വിഭാഗങ്ങളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത് എന്നത് പേരും വിശദാംശങ്ങളും സഹിതം വ്യക്തമാക്കാമോ ; ഇതു സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) ന്യൂനപക്ഷക്ഷേമത്തിനായി ഏർപ്പെടുത്തിയിട്ടുള്ള വിവിധ പദ്ധതികൾ ഏതൊക്കെയെന്ന് ഓരോ പദ്ധതിയുടെ പേരും വിശദാംശങ്ങളും സഹിതം വ്യക്തമാക്കാമോ ;

(സി) സർക്കാർ ജോലികളിൽ ഇപ്പോൾ ന്യൂനപക്ഷങ്ങൾക്ക് ലഭിക്കുന്ന സംവരണം എത്ര ശതമാനമാണ് ; ജാതി തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 21.01.2014–ലെ മറുപടിക്ക്

<u>ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ</u>

1621 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷവികസന ധനകാര്യ കോർപ്പറേഷൻ എന്ന് പ്രവർത്തനം ആരംഭിക്കും;

(ബി) പ്രസ്തുത കോർപ്പറേഷന്റെ പ്രവർത്തന പരിധിയിൽ വരുന്ന ജനവിഭാഗങ്ങൾ ഏതൊക്കെയാണ്;

(സി) നിയുക്ത കോർപ്പറേഷന്റെ പ്രവർത്തനം, നിലവിൽ പ്രവർത്തിക്കുന്നതും എന്നാൽ നഷ്ടത്തിൽ തുടരുന്നതുമായ മറ്റ് കോർപ്പറേഷനുകളുടെ പ്രവർത്തനത്തെ ബാധിക്കുമോ; വിശദമാക്കുമോ;

# കേരള നിയമസഭ
## 21.01.2014–ലെ മറുപടിക്ക്

<u>മദ്രസ്സാ വിദ്യാർത്ഥികൾക്കുള്ള ഉച്ചഭക്ഷണ പരിപാടി</u>

1622 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മദ്രസ്സാ വിദ്യാർത്ഥികൾക്ക് സ്കൂൾ ഉച്ച ഭക്ഷണ പരിപാടിയുടെ മാതൃകയിൽ എന്തെങ്കിലും പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ?